DHS/5440/2023-EG5

I/55543/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം**

വിഷയം:- ആ.വ.ഡ-ജീവനകാര്യം-ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (ബൈ ട്രാൻസ്ഫർ) തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്ഥലമാറ്റംനൽകി അന്തിമ പട്ടികയിൻ മേൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1.സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017.
2. സ.ഉ.(ആർ.റ്റി) നമ്പർ.215/2023/ആ.കു.വ. തീയതി. 29.01.2023.
3. സ.ഉ.(സാധാ) നമ്പർ.475/2023/ആ.കു.വ. തീയതി. 28.02.2023.
4. ഉത്തരവ് നം ഇ ജി 5-5440/2023 ആ.വ.ഡ തീയതി: 27.05.2023

**ഉത്തരവ് നം: ഇ ജി 5- 5440/2023 തീയതി : 17-06-2023**

മേൽ പരാമർശം സർക്കാർ ഉത്തരവ് (1) ന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ 2023-ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (ബൈ ട്രാൻസ്ഫർ) തസ്തികയിലെ അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതുതായി ചേർക്കപ്പെടുകയോ / ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ പരാതി നൽകുന്നതിന് അവസരം നൽകിയിരുന്നു.ആയതിൽ പരിഗണന അർഹിക്കുന്ന പരാതികൾ ഒന്നും ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ മേൽ പരാമർശം (4) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (ബൈ ട്രാൻസ്ഫർ) തസ്തികയിലെ 2023 - ലെ പൊതു സ്ഥലംമാറ്റം അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റിയിട്ടുള്ള ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും വിടുതൽ/ പ്രവേശന വിവരങ്ങൾ യഥാസമയം അറിയിക്കേണ്ടതുമാണ്. വീഴ്ച്ചവരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ് .

ആരോഗ്യവകുപ്പ് കാര്യാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

**Signed by Dr. Jayasree V**
**Date: 17-06-2023 12:54:22**
**Reason: Approved**

**ഡോ.ജയശ്രീ.വി**

**അഡിഷണൽ ഡയറക്ടർ (എ & റ്റി)**

സ്വീകർത്താവ്: എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/
സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് : ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്